"ഭരണഭാഷ-മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

വിജിലൻസ് വകുപ്പ് - പാലക്കാട് ജില്ലയിലെ ആലത്തൂർ സബ് ആർ.ടി. ഓഫീസിൽ നടത്തിയ മിന്നൽ പരിശോധന - സീനിയർ ക്ലാർക്ക് ശ്രീമതി. ശുഭലക്ഷ്മിയ്ക്കെതിരെ കോഴിക്കോട് വിജിലൻസ് ട്രിബ്യൂണൽ മുഖേന വിശദമായ അന്വേഷണം നടത്തുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**വിജിലൻസ് (എ) വകുപ്പ്**

സ.ഉ.(സാധാ) നം.49/2025/VIG തീയതി,തിരുവനന്തപുരം, 25-03-2025

---

പരാമർശം:-

1. വിജിലൻസ് & ആന്റി കറപ്ഷൻ ബ്യൂറോ ഡയറക്ടറുടെ 09/03/2021 തീയതിയിലെ ഇ12-(എസ്.സി.26/2020/പി.കെ.ഡി) 9116/2020 നമ്പർ കത്ത്.

2. വിജിലൻസ് & ആന്റി കറപ്ഷൻ ബ്യൂറോ ഡയറക്ടറുടെ 15/07/2022 തീയതിയിലെ ഇ12-(പി.ഇ.05/21/പി.കെ.ഡി) 9116/2020 നമ്പർ കത്ത്.

3 16.09.2023-ലെ വിജി എ3/63/2021/വിജി. നം.സർക്കാർ കത്ത്

4. 16/10/2023 തീയതിയിലെ എ3/63/2021/വിജി നമ്പർ കുറ്റാരോപണ മെമ്മോ.

5. 25/10/2023-ൽ ട്രാൻസ്പോർട്ട് കമ്മീണർക്ക് നൽകിയ എ3/63/2021/വിജി നമ്പർ കത്ത്.

6. ശ്രീമതി. ശുഭലക്ഷ്മി സമർപ്പിച്ച 26/12/2023-ലെ പ്രതിവാദ പത്രിക.

7. ട്രാൻസ്പോർട്ട് കമ്മീണറുടെ 29/03/2024-ലെ ജി1/76/2021-റ്റി.സി. നമ്പർ കത്ത്.

8. ട്രാൻസ്പോർട്ട് കമ്മീഷണറുടെ 14/05/2024-ലെ ജി1/76/2021-റ്റി.സി. നമ്പർ കത്ത്.

9. വിജിലൻസ് & ആന്റി കറപ്ഷൻ ബ്യൂറോ ഡയറക്ടറുടെ 20/01/2025 തീയതിയിലെ ഇ12-(പി.ഇ.05/21/പി.കെ.ഡി) 9116/2020 നമ്പർ കത്ത്.

**ഉത്തരവ്**

പാലക്കാട് ജില്ലയിൽ ആലത്തൂർ സബ് റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസിലെ ഉദ്യോഗസ്ഥർ ഏജന്റുമാർ മുഖേന കൈക്കൂലി വാങ്ങുന്നു എന്ന സോഴ്സ് റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ വി.എ.സി.ബി പാലക്കാട് യൂണിറ്റിന്റെ

നേതൃത്വത്തിൽ 15.10.2020-ൽ ഒരു മിന്നൽ പരിശോധന നടത്തി പരാമർശം (1) പ്രകാരം വിജിലൻസ് ഡയറക്ടർ റിപ്പോർട്ട് സമർപ്പിച്ചിരുന്നു.

2. മിന്നൽ പരിശോധനയിൽ സീനിയർ ക്ലർക്കായ ശ്രീമതി ശുഭലക്ഷ്മി.പി.വി എന്നവരുടെ കൈവശം കണക്കിൽ പെടാത്ത 15,890/- രൂപ അധികമായി കാണപ്പെടുകയും, ടി ഓഫീസിനകത്ത് ഓഫീസ് ടൈം കഴിഞ്ഞ ശേഷവും കാണപ്പെട്ട ഏജന്റുമാരുടെ കൈവശം ഓഫീസിൽ സൂക്ഷിക്കേണ്ടതായ 42 രേഖകളും 1,39,505/- രൂപയും കാണപ്പെട്ട സാഹചര്യത്തിൽ, സർക്കാർ അനുമതി കൂടാതെ VACB പാലക്കാട് യൂണിറ്റ് ഈ വിഷയത്തിൽ ഒരു പ്രാഥമിക അന്വേഷണം നടത്തി പരാമർശം (2) പ്രകാരം വിജിലൻസ് ഡയറക്ടർ റിപ്പോർട്ട് സമർപ്പിച്ചിരുന്നു.

3. സീനിയർ ക്ലർക്കായ ശ്രീമതി പി.വി.ശുഭലക്ഷ്മിയുടെ ഡയറിയിൽ നിന്ന് കണ്ടെടുത്ത 15890/-രൂപ പേഴ്സണൽ ക്യാഷ് ഡിക്ലറേഷൻ രജിസ്റ്ററിൽ രേഖപ്പെടുത്താത്തതും, തുകയുടെ ഉറവിടത്തെക്കുറിച്ച് വിശ്വാസയോഗ്യമായ വിവരങ്ങൾ നൽകാൻ ടിയാൾക്ക് കഴിയാത്തതിനാലും ടി തുക ഏജന്റുമാരിൽ നിന്ന് അനധികൃതമായി സമ്പാദിച്ച കൈക്കൂലി പണമാണെന്നും, ശ്രീമതി പി.വി.ശുഭലക്ഷ്മി നൽകുന്ന സേവനങ്ങൾക്ക് ഓഫീസിലെ ഡെസ്പാച്ച് രജിസ്റ്റർ ഉപയോഗിക്കാതെ അനധികൃതമായ നേട്ടങ്ങൾക്കായി സ്വന്തം ഡയറിയിൽ ഏജന്റുമാർക്ക് നൽകുന്ന രേഖകളുടെ വിവരങ്ങൾ രേഖപ്പെടുത്തി ഉപയോഗിക്കുന്നതായും, ആലത്തൂർ സബ് റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസ്, ഓഫീസ് സമയം കഴിഞ്ഞിട്ടും ഏജന്റുമാർക്ക് വേണ്ടി പ്രവർത്തിക്കുന്നതായും പ്രാഥമിക അന്വേഷണത്തിൽ വെളിവായിരുന്നു.

4. പ്രസ്തുത അന്വേഷണ റിപ്പോർട്ട് പ്രകാരമുള്ള ആരോപണ വിധേയരായ ഉദ്യോഗസ്ഥർ താഴെപ്പറയുന്നവരായിരുന്നു.

ശ്രീമതി പി.വി. ശുഭലക്ഷ്മി, സീനിയർ ക്ലർക്ക്,

ശ്രീ.മുരളീധരൻ.എം. ജോയിന്റ് റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസർ

5. ജോയിന്റ് റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസർ ശ്രീ. മുരളീധരൻ എം.- ൽ നിന്ന് വിശദീകരണം തേടി ഉചിതമായ വകുപ്പുതല നടപടികൾ സ്വീകരിക്കുന്നതിനും, സീനിയർ ക്ലർക്ക് ശ്രീമതി. ശുഭലക്ഷ്മിയ്ക്കെതിരെ ട്രൈബ്യൂണൽ എൻക്വയറി നടത്തുന്നതിനും പരാമർശം (2) പ്രകാരം വിജിലൻസ് ഡയറക്ടർ ശുപാർശ ചെയ്തിരുന്നു. JRTO ശ്രീ.മുരളീധരൻഎം. -ൽ നിന്ന് വിശദീകരണം തേടി ഉചിതമായ വകുപ്പുതല നടപടി സ്വീകരിക്കുന്നതിനായി പ്രാഥമികാന്വേഷണ റിപ്പോർട്ടിന്റെ പകർപ്പ് പരാമർശം 3 പ്രകാരം ഗതാഗത വകുപ്പിന് നൽകുകയുണ്ടായി.

6. സർക്കാർ ഈ വിഷയം വിശദമായി പരിശോധിക്കുകയും വിജിലൻസ് ഡയറക്ടറുടെ ശിപാർശ

അംഗീകരിച്ചതിൻ പ്രകാരം സീനിയർ ക്ലർക്ക് ശ്രീമതി.പി.വി.ശുഭലക്ഷ്മിയ്ക്കെതിരെ വിജിലൻസ് ട്രൈബ്യൂണൽ അന്വേഷണം നടത്തുന്നതിന് താൽക്കാലിക തീരുമാനം കൈക്കൊള്ളുകയുണ്ടായി. അതനുസരിച്ച് കുറ്റാരോപിതയ്ക്ക് പരാമർശം 5 പ്രകാരം ഗതാഗത കമ്മീഷണർ മുഖേന കുറ്റാരോപണ മെമ്മോ നൽകുകയും ചെയ്തു.

7. എന്നാൽ പ്രസ്തുത കുറ്റപത്രത്തിൽ വിവരിച്ച ആരോപണങ്ങളെല്ലാം നിഷേധിച്ചുകൊണ്ട് പരാമർശം (6) പ്രകാരം കുറ്റാരോപിത സമർപ്പിച്ച പ്രതിവാദ പത്രിക പരാമർശം (7) പ്രകാരം ട്രാൻസ്പോർട്ട് കമ്മീഷണർ ലഭ്യമാക്കുകയുണ്ടായി. തന്റെ ഭാഗം വ്യക്തമാക്കുന്നതിനു തന്നെ നേരിൽ കേൾക്കാൻ അവസരം നൽകണമെന്ന ശ്രീമതി.ശുഭലക്ഷ്മിയുടെ അപേക്ഷ പരിഗണിച്ച് 16.05.2024- ന് വിജിലൻസ് വകുപ്പ് ഡെപ്യൂട്ടി സെക്രട്ടറി കുറ്റാരോപിതയെ നേരിൽ കേൾക്കുകയുണ്ടായി. വിജിലൻസ് കണ്ടെത്തിയ തുക വ്യക്തിപരമായ പണം ആയിരുന്നില്ല എന്നും ആയതിനാലാണ് PCDR-ൽ രേഖപ്പെടുത്താതിരുന്നത് എന്നും ടിയാൾ അറിയിക്കുകയുണ്ടായി. ആലത്തൂർ സബ് ആർ.ടി ഓഫീസിലെ ഹൗസ് കീപ്പിങ് സ്റ്റാഫ് ആയിരുന്ന ശ്രീമതി.റോസിലി 21.09.2020-ൽ ടിയാരിയുടെ ഭർത്താവിന്റെ ഹൃദയ സംബന്ധമായ ചികിത്സക്കായി ധനസഹായം ആവശ്യപ്പെട്ട് ജോയിൻ്റ് ആർ.ടി.ഓ-ക്കു അപേക്ഷ സമർപ്പിച്ചു എന്നും 24.09.2020 ൽ ചേർന്ന സ്റ്റാഫ് കോൺഫറൻസിൽ 4 - ാമത് ഇനമായി ഇക്കാര്യം ചർച്ച ചെയ്യുകയും ഓഫീസിലെ സ്റ്റാഫ് ഓരോരുത്തരും ഇഷ്ടമുള്ള തുക സംഭാവനയായി നൽകുവാനും, അത് സ്വരൂപിച്ചു ശ്രീമതി. റോസിലിക്കു നൽകുവാനും തീരുമാനിച്ചു എന്നും അതിൻപ്രകാരം 13 പേർ ഇഷ്ടമുള്ള തുകകൾ സംഭാവന ചെയ്ത് ആകെ 16000/- രൂപ സ്വരൂപിച്ചു എന്നും മിന്നൽ പരിശോധന നടന്നത് 15.10.2020-ന് ഏകദേശം 5 PM കഴിഞ്ഞാണ് എന്നും മേൽപറഞ്ഞ പണം ഓഫീസിലെ ഭക്ഷണ മുറിയിലെ മേശ വലിപ്പിൽ ഡയറിയിൽ സംഭാവന നൽകിയ ഉദ്യോഗസ്ഥരുടെ ലിസ്റ്റ് സഹിതം സൂക്ഷിച്ചിരുന്നു എന്നും വിജിലൻസ് ഉദ്യോഗസ്ഥർ ഡയറി എടുത്തപ്പോൾ പണം താഴെ വീഴുകയും പിന്നീട് എടുത്തപ്പോൾ 110 രൂപ മേശക്കടിയിൽ വീഴുകയും അത് കാണാതെ, സംഭാവന തുക 15890/- എന്ന് എഴുതുകയും ചെയ്തു എന്നും പിന്നീട് 110/- രൂപ കണ്ടുകിട്ടി എന്നുമാണ് അറിയിച്ചിരിക്കുന്നത്. കൂടാതെ, ഈ വിവരങ്ങളെല്ലാം വിജിലൻസ് ഉദ്യോഗസ്ഥരെ ബോധ്യപെടുത്തിയതുമാണ് എന്നും 15890/- രൂപ താൻ കൈക്കൂലിയായി വാങ്ങിയതല്ല, ജീവനക്കാർ റോസിലിക്ക് നൽകുവാനായി തന്ന സംഭാവനയാണ് എന്നും ആർ.സി ബുക്കുകളും ഹോളോഗ്രാമും കണ്ടെത്തിയതിനും പൊതുജനങ്ങൾക്ക് നല്കുന്ന വിവരങ്ങൾ ഡെസ്പാച്ച് രജിസ്റ്ററിലല്ലാതെ ഡയറിയിൽ രേഖപ്പെടുത്തിയതിനും വിശദീകരണവും ടിയാൾ ബോധിപ്പിച്ചിട്ടുണ്ട്.

8. ആലത്തൂർ സബ് ആർ.ടി ഓഫീസിലെ ഹൗസ് കീപ്പിങ് സ്റ്റാഫ് ആയിരുന്ന ശ്രീമതി. റോസിലി ഭർത്താവിന്റെ ചികിത്സാ ആവശ്യത്തിനായി അപേക്ഷ നൽകിയതായും വിജിലൻസ് കണ്ടെത്തിയതായി പറയുന്ന തുക ടി ആവശ്യത്തിനായി പിരിച്ചെടുത്ത് സൂക്ഷിച്ചിരുന്നതാണെന്നും ആയതു പ്രകാരം ഇക്കാര്യത്തിൽ ശ്രീമതി. ശുഭലക്ഷ്മി പ്രതിവാദ പത്രികയിൽ നൽകിയ മറുപടി തൃപ്തികരമാണെന്ന് കരുതുന്നു എന്നും പരിവാഹൻ സാരഥി സംബന്ധമായ സേവനങ്ങളുടെ ഭാഗമായി രജിസ്ട്രേഷൻ സർട്ടിഫിക്കറ്റുകളിലും ലൈസൻസുകളിലും ഹോളോഗ്രാം

പതിക്കാറില്ലാത്തതിനാൽ ഹോളോഗ്രാമിന്റെ കാര്യത്തിൽ ശ്രീമതി. ശുഭലക്ഷ്മി നൽകിയ മറുപടി അംഗീകരിക്കാവുന്നതാണെന്നു കാണുന്നു എന്നും കൂടാതെ പരിവാഹൻ മുഖേന രജിസ്ട്രേഷൻ സംബന്ധമായ സേവനങ്ങൾ നൽകുമ്പോൾ ചില ആർ.സി. കളിൽ ഡാറ്റ എൻട്രി സമയത്തു മേൽ വിലാസത്തിൽ തെറ്റുകൾ കടന്നു കൂടുന്നതിനാൽ ഇക്കാര്യത്തിൽ ശ്രീമതി. ശുഭലക്ഷ്മി പ്രതിവാദ പത്രികയിൽ നൽകിയ മറുപടി ശരിയാണെന്നു കാണുന്നു എന്നും ഡെസ്പാച്ച് സംബന്ധമായി ശ്രീമതി.ശുഭലക്ഷ്മി നൽകിയ മറുപടി അംഗീകരിക്കാവുന്നതാണെങ്കിലും പൊതുജനങ്ങൾക്ക് നൽകുന്ന രേഖകളുടെ വിവരങ്ങൾ ഡയറിയിൽ രേഖപ്പെടുത്തി ഏജന്റുമാരുടെ ഒപ്പ് വാങ്ങിക്കുന്നതായുള്ള കുറ്റാരോപണ മെമ്മോയിലെ ആരോപണത്തിന് ഒരു വ്യക്തമായ മറുപടി പ്രതിവാദപത്രികയിൽ രേഖപ്പെടുത്തിയതായി കാണാത്തതിനാൽ മേൽ വിഷയത്തിൽ ഒരു അഭിപ്രായം ലഭ്യമാക്കാൻ സാധിക്കുന്നില്ല എന്നും എന്നാൽ, ട്രാൻസ്പോർട്ട് കമ്മീഷണറുടെ ഓഫീസിൽ നിന്നും ടിയാരിക്ക് മേൽ വിഷയത്തിൽ 29/10/2022 ലെ ജി176/2021 നമ്പർ പ്രകാരം നൽകിയ മെമ്മോയ്ക്കു ടിയാൾ നൽകിയ വിശദീകരണവും നേർക്കാഴ്ച്ച മൊഴിയും തൃപ്തികരമായതിനാൽ 01/04/2023 ലെ ജി1/76/2021/റ്റിസി നമ്പർ കത്ത് പ്രകാരം ശ്രീമതി.ശുഭലക്ഷ്മിക്കെതിരായ തുടർ നടപടിയിൽ നിന്നും ടിയാരിയെ ഒഴിവാക്കിയിരുന്നു എന്നും ശ്രീമതി. പി വി ശുഭലക്ഷ്മിയുടെ ഡയറിയിൽ നിന്നും 15,890/- രൂപ കണ്ടെത്തിയതിലും വെള്ള പേപ്പറിൽ പൊതിഞ്ഞു കെട്ടിയ നിലയിൽ 4 ആർസി ബുക്കുകളും 236 ഹോളോഗ്രാമുകളും കണ്ടെത്തിയതിനെ സംബന്ധിച്ചുമുള്ള വിശദീകരണം തൃപ്തികരമാണെന്നും എന്നാൽ, DESPATCH രജിസ്റ്റർ ഉപയോഗിക്കാതെ പൊതുജനങ്ങൾക്ക് നൽകുന്ന വിവരങ്ങൾ ഡയറിയിൽ രേഖപ്പെടുത്തി ഏജന്റുമാരുടെ ഒപ്പുവാങ്ങുന്നത് സംബന്ധിച്ച സമർപ്പിച്ച വിശദീകരണത്തിൽ വ്യക്തതയില്ലാത്തതിനാൽ അഭിപ്രായമൊന്നും രേഖപ്പെടുത്തുവാൻ കഴിയില്ലയെന്നും പരാമർശം (7) പ്രകാരം ഗതാഗത കമ്മീഷണർ അഭിപ്രായപ്പെട്ടിട്ടുണ്ട്.

9. ശ്രീമതി. പി വി ശുഭലക്ഷ്മി സമർപ്പിച്ച പ്രതിവാദ പത്രികയിന്മേൽ വിജിലൻസ് ഡയറക്ടറുടെ അഭിപ്രായം തേടുകയും, വിജിലൻസ് ഡയറക്ടർ പരാമർശം (9) പ്രകാരം സമർപ്പിച്ച റിപ്പോർട്ടിൽ ശ്രീമതി. പി.വി ശുഭലക്ഷ്മി. സമർപ്പിച്ചതായ പ്രതിവാദ പത്രികയിൽ പറഞ്ഞിട്ടുള്ളതായ കാര്യങ്ങൾ വസ്തുത വിരുദ്ധമാണെന്നും ശ്രീമതി. പി.വി ശുഭലക്ഷ്മിയുടെ ഡയറിയിൽ നിന്നും 15,890/- രൂപ കണ്ടെത്തിയതിലും, വെള്ള പേപ്പറിൽ പൊതിഞ്ഞു കെട്ടിയ നിലയിൽ 4 ആർസി ബുക്കുകളും 236 ഹോളോഗ്രാമുകളും കണ്ടെത്തിയതിനെ സംബന്ധിച്ചും, ഡെസ്പാച്ച് രജിസ്റ്റർ ഉപയോഗിക്കാതെ പൊതുജനങ്ങൾക്ക് നൽകുന്ന വിവരങ്ങൾ ഡയറിയിൽ രേഖപ്പെടുത്തി ഏജന്റുമാരുടെ ഒപ്പുവാങ്ങുന്നത് സംബന്ധിച്ചും ടിയാൾ സമർപ്പിച്ച വിശദീകരണം അംഗീകരിക്കുവാൻ കഴിയുകയില്ലയെന്നും അറിയിച്ചിട്ടുണ്ട്.

10. സർക്കാർ ഈ വിഷയം ബന്ധപ്പെട്ട രേഖകളുടെ അടിസ്ഥാനത്തിൽ വിശദമായി പരിശോധിക്കുകയുണ്ടായി. കുറ്റാരോപിത സമർപ്പിച്ച പ്രതിവാദ പത്രികയും, ഈ വിഷയവുമായി ബന്ധപ്പെട്ട മറ്റ് രേഖകളും പരിശോധിച്ചതിൽ നിന്നും കുറ്റാരോപിതയുടെ ഭാഗത്ത് നിന്നും വീഴ്ച ഉണ്ടായതായി കാണുന്നതിനാലും, ആയതിനു തൃപ്തികരമായ മറുപടി

നല്കാൻ ടിയാൾക്ക് സാധിച്ചിട്ടില്ലാത്തതിനാലും കുറ്റാരോപിതയുടെ വാദങ്ങൾ പ്രഥമദൃഷ്ട്യാൽ ഉള്ള രേഖകൾ കൊണ്ട് ശരിയെന്നു കാണാൻ കഴിയാത്ത സാഹചര്യത്തിലും ആരോപണങ്ങൾ സംബന്ധിച്ച് വിശദമായി അന്വേഷിക്കേണ്ടതാണെന്ന് ബോദ്ധ്യപ്പെട്ടതിനാലും, ശ്രീമതി. പി.വി.ശുഭലക്ഷ്മിയ്ക്കെതിരെ കോഴിക്കോട് വിജിലൻസ് ട്രിബ്യൂണൽ മുഖേന വിശദമായ അന്വേഷണം നടത്തുന്നതിന് കേരള സിവിൽ സർവ്വീസ് (വിജിലൻസ് ട്രിബ്യൂണൽ) റൂൾസ് 1960 പ്രകാരം അനുമതി നൽകി ഉത്തരവാകുന്നു.

11. പരാമർശത്തിലെ രേഖകൾ, ഇതോടൊപ്പമുള്ള പട്ടികയിൽ സൂചിപ്പിച്ച മറ്റ് രേഖകൾ എന്നിവ കോഴിക്കോട് വിജിലൻസ് ട്രിബ്യൂണലിന് ഇതോടൊപ്പം കൈമാറുന്നു. സർക്കാരിന് വേണ്ടി കോഴിക്കോട് വിജിലൻസ് ട്രിബ്യൂണൽ മുമ്പാകെ ഈ കേസ് നടത്തുന്നതിനായി വിജിലൻസ് & ആന്റി കറപ്ഷൻ ബ്യൂറോ ലീഗൽ അഡ്വൈസർ/അഡീഷണൽ ലീഗൽ അഡ്വൈസർ-നെ ചുമതലപ്പെടുത്തുന്നു.

12. ഈ വിഷയവുമായി ബന്ധപ്പെട്ട എല്ലാ വസ്തുതകളും കൃത്യതയോടെ കോഴിക്കോട് വിജിലൻസ് ട്രൈബ്യൂണൽ മുമ്പാകെ അവതരിപ്പിക്കുന്നതിന് ലീഗൽ അഡ്വൈസർ/അഡീഷണൽ ലീഗൽ അഡ്വൈസർ-ന് ആവശ്യമായ സഹായം വിജിലൻസ് ആന്റ് ആൻഡി കറപ്ഷൻ ബ്യൂറോ ഡയറക്ടർ/ഗതാഗത കമ്മീഷണർ എന്നിവർ നൽകേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

സ്മിത എസ്

ജോയിന്റ് സെക്രട്ടറി

വിജിലൻസ് ട്രിബ്യൂണൽ, കോഴിക്കോട് (ഇതോടൊപ്പമുള്ള പട്ടികയിൽ സൂചിപ്പിച്ചിരിക്കുന്ന രേഖകൾ ഉള്ളടക്കം ചെയ്യുന്നു. രേഖകൾ കൈപ്പറ്റിയ വിവരം അറിയിക്കേണ്ടതാണ്.)

ശ്രീമതി പി.വി ശുഭലക്ഷ്മി , സീനിയർ ക്ലാർക്ക്, സബ് റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസ്, ആലത്തൂർ, പാലക്കാട് (ഗതാഗത കമ്മീഷണർ മുഖാന്തിരം)

ഡയറക്ടർ, വിജിലൻസ് ആൻഡ് ആന്റി കറപ്ഷൻ ബ്യൂറോ, തിരുവനന്തപുരം.

ലീഗൽ അഡ്വൈസർ/അഡീഷണൽ ലീഗൽ അഡ്വൈസർ, വിജിലൻസ് & ആന്റി കറപ്ഷൻ ബ്യൂറോ, തിരുവനന്തപുരം.

ഗതാഗത വകുപ്പ്

ഗതാഗത കമ്മീഷണർ, തിരുവനന്തപുരം.

വെബ് & ന്യൂ മീഡിയ

സ്റ്റോക്ക് ഫയൽ

ഉത്തരവിൻ പ്രകാരം

Signed by
Mini T R
Date: 26-03-2025 12:47:35

സെക്ഷൻ ഓഫീസർ

പകർപ്പ്:- ബഹു. മുഖ്യമന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിയ്ക്ക്.

ആഭ്യന്തരവും വിജിലൻസും വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയുടെ പി.എ യ്ക്ക്.